# പതിമൂന്നാം കേരള നിയമസഭ
## 5-ാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത 7762 -ാം നമ്പര്‍ ചോദ്യം 23.07.2012 ലെ മറുപടിയ്ക്ക്

<u>പെന്‍ഷന്‍കാരുടെ ചികിത്സാ പദ്ധതി</u>

| <u>ചോദ്യം</u><br>ശ്രീ. വി.പി. സജീന്ദ്രന്‍<br>ശ്രീ. കെ. അച്ചുതന്‍<br>ശ്രീ. ഐ.സി. ബാലകൃഷ്ണന്‍<br>ശ്രീ. പി.എ. മാധവന്‍ | <u>ഉത്തരം</u><br><br>ധനകാര്യവും നിയമവും ഭവന നിര്‍മ്മാണവും വകുപ്പു മന്ത്രി |
|---|---|
| (എ) സംസ്ഥാന സര്‍വ്വീസിലെ പെന്‍ഷന്‍കാരുടെ ചികിത്സാ പദ്ധതി പുന:സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | 15.03.1996 ലെ സര്‍ക്കാര്‍ ഉത്തരവ് (പി) 253/96/ധന പ്രകാരം സംസ്ഥാനത്തെ പെന്‍ഷന്‍കാര്‍ക്കായി പെന്‍ഷനേഴ്സ് മെഡിക്കല്‍ ബെനി ഫിറ്റ്സ് സ്കീം നടപ്പിലാക്കിയിരുന്നു. പെന്‍ഷന്‍കാരില്‍ നിന്നും യാതൊരു Contribution – നും വാങ്ങാതെയാണ് പ്രസ്തുത സ്കീം നടപ്പിലാക്കിയത്. എന്നാല്‍ സംസ്ഥാന സര്‍ക്കാരിനുണ്ടായ അധിക സാമ്പത്തിക ബാധ്യത, പദ്ധതി നടപ്പിലാക്കിയ പ്പോഴുണ്ടായ പ്രായോഗിക ബുദ്ധിമുട്ട് എന്നിവ മൂലം പ്രസ്തുത സ്കീം തുടര്‍ന്നു നടപ്പിലാക്കാന്‍ സാധിക്കാതെ വന്നു. എന്നാല്‍ ഇപ്പോള്‍ സംസ്ഥാനത്തെ പെന്‍ഷന്‍കാര്‍ക്കായി ഒരു സമഗ്ര ആരോഗ്യ ഇന്‍ഷ്വറന്‍സ് പദ്ധതി നടപ്പിലാക്കുന്ന കാര്യം സര്‍ക്കാര്‍ പരിശോധിച്ച് വരികയാണ്. |
| (ബി) ഇതേക്കുറിച്ച് പഠിച്ച് റിപ്പോര്‍ട്ട് നല്‍കാന്‍ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങള്‍ എന്തെല്ലാം ;<br><br>(സി) എന്തെല്ലാം വിഷയങ്ങളാണ് പഠന വിധേയമാക്കാന്‍ ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ? | പെന്‍ഷന്‍കാര്‍ക്ക് ആരോഗ്യ ഇന്‍ഷ്വറന്‍സ് പദ്ധതി നടപ്പിലാക്കു മ്പോള്‍ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത മറ്റു സംസ്ഥാനങ്ങളില്‍ ഇത്തരത്തി ലേതെങ്കിലും പദ്ധതി നടപ്പിലാക്കിയി ട്ടുണ്ടെങ്കില്‍ നടപ്പിലാക്കിയ രീതി, തുടങ്ങിയ വിവിധ വിഷയങ്ങള്‍ സംബ ന്ധിച്ച് പഠനം നടത്താന്‍ ഇന്‍ഷ്വറന്‍സ് ഡയറക്ടര്‍ക്ക് നിര്‍ദ്ദേശം നല്‍കിയിട്ടുണ്ട്. |

സെക്ഷന്‍ ഓഫീസര്‍